**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1742** **15-03-2022 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ. നജീബ് കാന്തപുരം | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിന് സർക്കാർ പദ്ധതിയിതര ഗ്രാന്റ് അനുവദിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർവ്വകലാശാല അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ബാധ്യതയിൽ നിന്നും പിൻമാറുന്നതിന്റെ ഭാഗമായി സർവ്വകലാശാലകൾ പെൻഷൻ ഫണ്ട് സ്വരൂപിക്കണമെന്നും പെൻഷൻ ബോർഡ് രൂപീകരിക്കണമെന്നും സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | സർവ്വകലാശാല അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ബാധ്യതയിൽ നിന്നും പിൻമാറുന്നതിന്റെ ഭാഗ മായി സർവ്വകലാശാലകൾ പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ, സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നിർദ്ദിഷ്ട പെൻഷൻ ഫണ്ടിൽ പണമില്ലെങ്കിൽ ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കടം വാങ്ങണമെന്ന നിർദ്ദേശംമൂലം സർവ്വകലാശാലകളുടെ സ്വത്തുക്കൾ അന്യാധീനപ്പെട്ടുവാൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | വായ്പയെടുക്കുന്നതിന് സിൻഡിക്കേറ്റ് ശുപാർശ ചെയ്യുന്ന പക്ഷം സർക്കാർ പ്രസ്തുത സാഹചര്യങ്ങളെല്ലാം പരിശോ ധിച്ചാണ് വായ്പയെടുക്കാൻ അനുമതി നൽകുന്നത്. നിലവിൽ അത്തരമൊരു സാഹചര്യം സംസ്ഥാനത്ത് ഒരു സർവ്വകലാശാലയിലും സംജാതമായിട്ടില്ല. |
| (ഡി) | പെൻഷൻ ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാർ ആശങ്കകൾ ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ